"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം ബെഞ്ച് മുമ്പാകെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ഗണേഷ് കെ.ജി ഫയൽ ചെയ്ത ഒ.എ 257/2026 നമ്പർ കേസിലെ 25.02.2026 -ലെ ഉത്തരവിലെ നിർദ്ദേശം - നടപ്പിലാക്കി ഉത്തരവ് -പുറപ്പെടുവിയ്ക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.655/2026/LBR തീയതി,തിരുവനന്തപുരം, 22-05-2026

---

പരാമർശം:-
1. ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പ് ഡയറക്ടറുടെ 18.02.2026 ലെ ഇ1-655/2026/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ് (അനുബന്ധം A6).
2. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ഗണേഷ് കെ.ജി 19.02.2026 ൽ സമർപ്പിച്ച അപ്പീൽ (അനുബന്ധം A8 ).
3. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ഗണേഷ് കെ.ജി 23.02.2026 ൽ സമർപ്പിച്ച അപ്പീൽ (അനുബന്ധം A10 ).
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം ബെഞ്ച് മുമ്പാകെ ഡോ. ഗണേഷ് കെ.ജി ഫയൽ ചെയ്ത OA 257/2026 നമ്പർ കേസിലെ 25.02.2026 -ലെ ഉത്തരവ്.
5. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ഗണേഷ് കെ.ജി 24.03.2026 ൽ സമർപ്പിച്ച അപേക്ഷ.
6. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 07.04.2026 ലെ സി1-638/2026/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ അനസ്ലേഷ്യാ വിഭാഗവും സർജ്ജറി വിഭാഗവും തമ്മിലുള്ള തർക്കത്തെത്തുടർന്ന് മുൻകൂട്ടി നിശ്ചയിച്ചിരുന്ന ശസ്ത്രക്രിയ മുടങ്ങിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിലെ അനസ്ലേഷ്യോളജിസ്റ്റ് ഡോ. ബിനിൽ കുമാർ.കെ (പെൻ 692135)-യെ തോട്ടട ഇ.എസ്.ഐ ആശുപത്രിയിലേക്കും, സർജൻ ഡോ. ഗണേഷ് കെജി (പെൻ- 890114) -യെ വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിലേക്കും സ്ഥലം മാറ്റി പരാമർശം (1) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്ന്

അഭ്യർത്ഥിച്ചുകൊണ്ട് ഡോ. ഗണേഷ് കെ.ജി പരാമർശം (2),(3) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും, തുടർന്ന് ടി അപ്പീലുകൾ യഥാക്രമം അനുബന്ധം A8, അനുബന്ധം A10 ആയി ചേർത്ത് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ടൈബ്യൂണൽ മുമ്പാകെ ഒ .എ. 257/2026 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

2. അപേക്ഷകൻ സമർപ്പിച്ച അനുബന്ധം A8, അനുബന്ധം A10 അപ്പീലിന്മേൽ അപേക്ഷകനെയും ഇതുമായി ബന്ധപ്പെട്ട് ബാധിക്കാൻ ഇടയുള്ള മറ്റ് ജീവനക്കാരെയും ടി ഉത്തരവ് കൈപ്പറ്റി ആറ് ആഴ്ചകം നേരിൽ കേട്ട് തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ട് ഒ .എ. 257/2026 നമ്പർ കേസിൽ പരാമർശം (4) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിപ്പിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അപേക്ഷകനെയും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സിനെയും നേരിൽ കേൾക്കുന്നതിനായി 28.03.2026-ന് ഹിയറിംഗ് നിശ്ചയിച്ചിരുന്നു. എന്നാൽ പരാമർശം (5) പ്രകാരം ഡോ. ഗണേഷ് കെ.ജി സമർപ്പിച്ച അപേക്ഷയിൽ ടിയാന് ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമന ശിപാർശ ലഭിച്ചതിനെ തുടർന്ന്, 09.03.2026-ന് വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുകയും, 10.03.2026-ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ചതായും അറിയിച്ചിട്ടുണ്ട്. കൂടാതെ, ടിയാൻ പരാമർശം (2),(3) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ പിൻവലിച്ചതായും, ഒ .എ. 257/2026 നമ്പർ കേസ് അവസാനിപ്പിക്കണമെന്നുമാണ് അപേക്ഷയിൽ അഭ്യർത്ഥിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകന് മെഡിക്കൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമനം ലഭിച്ച സാഹചര്യത്തിൽ കേസ് തീർപ്പാക്കണമെന്ന പരാമർശം 5 ലെ അപേക്ഷ പരിഗണിച്ച് ഡോ. ഗണേഷ് കെ.ജി സമർപ്പിച്ച അനുബന്ധം A8, A10 അപ്പീൽ അപേക്ഷകൾ നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം ഡോ. ഗണേഷ് കെ.ജി ഫയൽ ചെയ്ത ഒ .എ. 257/2026 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ലെ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപൂരം
ഡോ. ഗണേഷ് കെ.ജി , മുൻ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ , ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വിസസ് ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഇൻഷുറൻസ് മെഡിക്കൽ സർവ്വിസസ് ഡയറക്ടർ മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്) സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

ഉത്തരവിൻ പ്രകാരം

Signed by

Ajish Kumar A

Date: 22-05-2026 15:32:15

സെക്ഷൻ ഓഫീസർ